**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 836** **28-01-2026 - ൽ മറുപടിയ്ക്ക്**

## കദളീവനം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ കുടുംബശ്രീ/ അയൽക്കൂട്ടങ്ങൾ വഴി ഗുരുവായൂർ ക്ഷേത്രത്തിലേക്ക് ആവശ്യമായ കദളിപ്പഴം ഉല്പാദിപ്പിച്ച് നൽകിയിരുന്ന കദളീവനം പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനാവശ്യമായ നിർദേശങ്ങളും നടപടികളും സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | പുതുക്കാട് മണ്ഡലത്തിലെ കദളീവനം പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് പുതുക്കാട് എം.എൽ.എ ശ്രീ കെ കെ രാമചന്ദ്രൻ, ബഹു. ദേവസ്വം സഹകരണ വകുപ്പ് മന്ത്രിക്ക് നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കുടുംബശ്രീ നടത്തിപ്പുകാരുമായി ദേവസ്വം ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ എന്നിവർ ചർച്ച ചെയ്യുകയും ഇക്കാര്യത്തിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ എന്നിവരെ ബന്ധപ്പെടുവാൻ കുടുംബശ്രീ തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്റർക്ക് 30.12.2024 ൽ കത്ത് നൽകുകയും ചെയ്തിരുന്നു.<br>മേൽ വിഷയത്തിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ എന്നിവർ നേരിട്ട് ബഹു. പുതുക്കാട് എം.എൽ.എ മുഖാന്തിരം കുടുംബശ്രീ തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്ററുമായി ചർച്ച നടത്തുകയും ഗുരുവായൂർ ക്ഷേത്രത്തിലേക്ക് കദളിപ്പഴം സപ്ലൈ ചെയ്യുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിന് കുടുബശ്രീയോട് ആവശ്യപ്പെടുകയും ചെയ്തു. എങ്കിലും ഇക്കാര്യത്തിൽ നാളിതുവരെയും മറുപടി ലഭ്യമായിട്ടില്ല എന്നും 16.06.2025 മുതൽ കുടുബശ്രീ സംരംഭമായ മാറ്റത്തൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കദളിപ്പഴം ലഭ്യമാക്കി വരുന്നതായും ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ